This Question Paper consists of 30 questions 7 printed pages.

Roll No. | | | | | | | | | | | | **Code No. 59/S/O/MM**

**റോൾ നമ്പർ** **കോഡ് നമ്പർ**

**Set / സെറ്റ്** **A**

# MALAYALAM

# മലയാളം

# (232)

Day and Date of Examination ..........................................................................
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ..........................................................................
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)

2. ..........................................................................

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യ പേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾ ക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചയിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ 59/S/O/MM സെറ്റ് A എഴുതേണ്ടതാണ്.

# MALAYALAM

## മലയാളം

## (232)

സമയം : 3 മണിക്കൂർ ] [ മാർക്ക് : 100

**നിർദ്ദേശങ്ങൾ** :

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നു വരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

**1.** ''ഈ കാലമൊക്കെ പോവും. കയ്യിൽ കാശില്ലാണ്ടായാൽ വയസ്സുകാലത്ത് ആരുണ്ടാവും തുണ?'' 1

(A) ജാനമ്മയുടെ

(B) ലക്ഷ്മിയുടെ

(C) അമ്മയുടെ

(D) മാനേജരുടെ

**2.** പഠാണിക്കും തമിഴനും പൊതുവായുള്ള അംശം 1

(A) ഇന്ത്യയുടെ സവിശേഷ ചിഹ്നം

(B) ആഹാര രീതി

(C) വസ്ത്ര ധാരണം

(D) ശരീര പ്രകൃതി

**3.** രാവണൻ രൂഢമദനായിത്തീരാൻ കാരണമെന്ത്? 1

(A) നാരദന്റെ മൊഴികൾ

(B) ബാലിയുടെ ചതി

(C) രാവണൻ രൂഢമതിയാണ്

(D) നാരദന്റെ ശകാരം

**4.** 'ചടുലോല്പല ദലയുഗളം' എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്ത് ? 1

(A) കണ്ണുകൾ

(B) ചൂടിയ പുഷ്പങ്ങൾ

(C) മനോഹരമായ ചിരി

(D) ഭംഗിയുള്ള മുഖം

**5.** 'തണ്ണീർ' എന്നത് പിരിച്ചെഴുതുന്നത് എങ്ങിനെ? 1

(A) തണി + നീർ

(B) തൻ + നീർ

(C) തണ്ണു + നീർ

(D) തൺ + നീർ

**6.** 'മരം' എന്ന അർത്ഥം വരാത്ത പദം ഏത് ? 1

(A) ഭ്രൂമം

(B) സുധ

(C) പാദപം

(D) വൃക്ഷം

**7.** '<u>പുളിയേർക്കരമുണ്ടും പൊന്നേലസ്സും</u> പൂമുള്ളി പിറന്നവർക്കേപാടുള്ളൂ.' അടിവരയിട്ട പദങ്ങൾ സൂചിപ്പിക്കുന്നതെന്ത് ? 1

(A) സമ്പത്തിന്റെ പ്രൗഢി

(B) പൂമുള്ളിക്കാരുടെ ധാരാളിത്തം

(C) പൂമുള്ളിക്കാരുടെ അഹങ്കാരം

(D) പുളിയേർക്കരമുണ്ടും, പൊന്നേലസ്സും എല്ലാവർക്കുമാകാം

8. 'അമ്മതാൻതന്നെ പകർന്നുതരുമ്പൊഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ'

—ഇവിടെ കവി സൂചിപ്പിക്കുന്നത് മാതൃഭാഷയുടെ ഏതു സവിശേഷതയാണ് ? 1

(A) പ്രചാരം

(B) പൂർണത

(C) വിഷയവ്യാപ്തി

(D) ബോധനശേഷി

9. അമ്മാവൻ ഓണത്തിന് എന്താണ് പതിവായിതരുന്നത് ? 1

(A) ആട

(B) താലി

(C) സമ്മാനം

(D) പന്ത്

10. 'സഞ്ജയൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആര് ? 1

(A) ഇ.വി.കൃഷ്ണപിള്ള

(B) എം.ആർ. നായർ

(C) കെ.വി. കേശവമേനോൻ

(D) പി.സി.കുട്ടി കൃഷ്ണൻ

11. പരമശിവന്റെ പള്ളിവില്ലുകണ്ടപ്പോൾ ശ്രീരാമനുണ്ടായ ചേതോവികാരം എന്ത് ? 1

(A) സന്തോഷം

(B) അമ്പരപ്പ്

(C) ഭയം

(D) അത്ഭുതം

12. അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക 2+2

(i) വെളുക്കാൻ തേച്ചതു പാണ്ടാവുക

(ii) സഹിഷ്ണത

13. 'ആ മനുഷ്യനെ നമുക്ക് അച്ചൻ എന്നു വിളിക്കാം' കഥാനായകന് പേരുനല്കാതെ 'അച്ചൻ' എന്നു മാത്രം പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്? 2

14. സുന്ദരകലകളുടെ സാമാന്യ സ്വഭാവമെന്ത് ? 2

15. ജാനമ്മ സ്തംഭിച്ചു നിന്നുപോയത് എപ്പോൾ? 2

16. നെഹ്റുവിന്റെ മനസ്സിൽ ഇന്ത്യയെക്കുറിച്ചുള്ള ചിത്രം എന്ത് ? 3

17. 'തീർത്ഥസ്നാനം ചെയ്യിപ്പിച്ചു കൃ
താർഥനതായിതു ബാലിയുമപ്പോൾ' ബാലി
കൃതാർഥനായ് തീർന്നതിനു കാരണമെന്താകാം ? 3

18. നാരായണ ഗുരുവിന്റെ സന്ദേശങ്ങളിൽ നിത്യജീവിതവുമായി ബന്ധപ്പെട്ടതെന്നു നിങ്ങൾക്ക് അഭിപ്രായമുള്ളത് ഏത് ? അതിന്റെ ആനുകാലിക പ്രസക്തി എന്ത് ? 3

19. മരങ്ങളോട് മനുഷ്യൻ ചെയ്യുന്ന നന്ദികേടിന്റെ വരുംവരായ്കകൾ 'മരത്തിനു സ്തുതി' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക. 3

20. അച്ഛനോടുള്ള പ്രതികാരാവേശം വി. ടി. എങ്ങനെയാണ് പ്രകടമാക്കിയിരുന്നത് ? 3

21. പരബ്രഹ്മയ്യർ മജിസ്ട്രേട്ടിനോട് പറഞ്ഞ പരാതി എന്ത്? അതിനിടയാക്കിയ സാഹചര്യം ചുരുക്കി വിവരിക്കുക. 4

22. ഗോപ സ്ത്രീകൾക്ക് കൃഷ്ണനോടുള്ള പ്രേമത്തിന്റെ ആഴം 'പ്രിയനെത്തേടി' എന്ന പാഠ ഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക. 4

23. 'ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ'
ഈ വരികളിലെ അലങ്കാര ഭംഗി വിവരിക്കുക 4

24. സ്ത്രീയുടെ ത്യാഗങ്ങളെയും ദഃഖങ്ങളെയും ക്കുറിച്ച് 'പെങ്ങൾ' എന്ന കവിതയിൽ സൂചിപ്പിക്കുന്ന വസ്തുതകൾ വിവരിക്കുക 5

25. പുരാവസതു ശാസ്ത്രജ്ഞരുടെ അന്വേഷണത്തിന്റെ ഫലമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള കാര്യങ്ങൾ 'ഭൂമി എന്ന പാഠ പുസ്തകം' എന്ന പാഠ ഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക. 5

26. ബാലിയിലെ 'പുരാപംഗാജി' ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ലേഖകൻ കണ്ട കാഴ്ചകൾ ചുരുക്കി വിവരിക്കുക 5

27. ആശയം വികസിപ്പച്ച് ഒരു ഖണ്ഡിക എഴുതുക 5

28. താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗത്തിനു ഒരു പരാവർത്തനം തയ്യാറാക്കുക 10

'രാവിലെയീറൻ കെട്ടി നിന്നുകൊണ്ടരയ്ക്കുന്നു
കാമിനി ചാണക്കല്ലിൽ ചന്ദനം, ഇതു കാൺ കെ...
നീയരഞ്ഞരഞ്ഞില്ലാതാകുന്നു ദിനംതോറും
സ്വീയമാം സൗരഭ്യവും നിറവും കുളുർമ്മയും
എനിക്കും കിടാങ്ങൾക്കുമങ്ങനെ ലോകത്തിനും
കനിഞ്ഞു പകരുന്ന പരമാനന്ദത്തോടെ'

29. താഴെ ക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക. 10

നിത്യജീവിതത്തിൽ അന്നന്നു നടക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഒരു പ്രത്യേക പുസ്തകത്തിൽ ചുരുക്കി എഴുതി വെക്കുന്നതിനാണ് ഡയറിക്കുറിപ്പുകൾ എന്നു പറയുന്നത്. ഓരോ ദിവസവും ജീവിതത്തിൽ പുതിയ പുതിയ സംഭവങ്ങൾ ഉണ്ടാകുന്നു. തലേദിവസത്തെ കാര്യങ്ങൾപോലും നാം മറന്നു പോയേക്കും.

അപ്പോൾ കൊല്ലങ്ങൾക്കുമുമ്പ് നടന്ന കാര്യങ്ങളെപ്പറ്റി പറയാനില്ലല്ലോ, പ്രധാനപ്പെട്ട വസ്തുതകൾ അന്നന്നു രേഖപ്പെടുത്തുന്ന ശീലമുണ്ടായാൽ അത്തരം കുറിപ്പുകളിലൂടെ കഴിഞ്ഞുപോയ ജീവിതം മുഴുവൻ വെള്ളിത്തിരയിലെന്നപോലെ പെട്ടന്ന് ഓർമയിലെത്തിക്കാം. ജീവിതത്തിൽ പലപ്പോഴും നാം ബന്ധപ്പെടുന്ന വ്യക്തികളെക്കുറിച്ചുള്ള ഓർമ്മ നിലനിർത്താൻ കഴിയും. വല്ലാതെ മാനസിക സംഘർഷമുണ്ടാവുമ്പോൾ അടുപ്പമുള്ള ആരോടെങ്കിലും എല്ലാം ഒന്നു തുറന്നു പറഞ്ഞാൽ മനസ്സിന് സമാധാനമുണ്ടാകുന്നതായി അനുഭവപ്പെടാറില്ലേ. പറയുന്നതിനു പകരം എല്ലാം ഡയറിയിൽ കുറിച്ചുവെച്ചാലും മതി; മനസ്സിന്റെ ഭാരം ഇറക്കിവെച്ചതുപോലെ തോന്നും. പിൽക്കാലത്ത് ആത്മകഥ എഴുതുന്നതിന് ഡയറിക്കുറിപ്പുകൾ വളരെയേറെ പ്രയോജനപ്പെടും. ഡയറിക്കുറിപ്പുകളുടെ രൂപത്തിൽ എഴുതപ്പെട്ട ചെറുകഥകളും നോവലുകളും യാത്രാവിവരണങ്ങളും മറ്റുമുണ്ട്. അങ്ങനെ, ഒരു സാഹിത്യരൂപം എന്ന നിലയിലും ഇതിനു പ്രാധാന്യമുള്ളതായി കാണാം.

ഡയറിക്കുറിപ്പുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ആദ്യമായി അതിന്റെ സ്വകാര്യതതന്നെ. വരുന്നവർക്കും പോകുന്നവർക്കുമെല്ലാം യഥേഷ്ടം മറിച്ചുനോക്കാൻ സ്വകര്യപ്പെടുന്ന മട്ടിൽ അലക്ഷ്യമായി മേശപ്പുറത്തിടാനുള്ളതല്ല നിങ്ങളുടെ ഡയറി. എല്ലാം തുറന്നെഴുതുന്നതുകൊണ്ട് തൽക്കാലത്തേക്കെങ്കിലും അതു മറ്റുള്ളവരിൽനിന്നു മറച്ചു വെക്കുകയാണ് നല്ലത്. ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത, സത്യസന്ധമായും ആത്മാർഥമായും എഴുതുക എന്നുള്ളതാണ്. മനസ്സാക്ഷിക്ക് വിരുദ്ധമായി എഴുതുന്നത് ആത്മവഞ്ചനയാണ്. കുളി ഭക്ഷണം മുതലായ ദിനചര്യകൾ ഡയറിക്കുറിപ്പുകളിൽ ഉൾക്കൊള്ളിക്കേണ്ടതില്ല. രാത്രി കിടക്കുന്നതിനുമുമ്പാണ് ഡയറി എഴുതുവാൻ പറ്റിയ സമയം. പ്രധാനസംഭവങ്ങൾ മാത്രമേ എഴുതേണ്ടൂ. അങ്ങനെ ഒന്നുമില്ലെങ്കിൽ അന്നത്തെ ദിവസം പ്രത്യേകിച്ചൊന്നും എഴുതാനില്ല എന്നു രേഖപ്പെടുത്തിയാൽ മതി.

**30.** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെപറ്റി ഉപന്യസിക്കുക 12

*(i)* മതേതരത്വവും ഇന്ത്യൻ ജനാധിപത്യവും

*(ii)* പരിസ്ഥിതി സൗഹൃദ വികസനം

*(iii)* ഭാഷയും സംസ്കാരവും

★ ★ ★